**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- വടകര നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധന- ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.ഇ.കെ.രാജീവ്- അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 616/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 13.03.2019

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 28.05.2015 തീയതിയിലെ ഇ 12(എസ്.സി 61/2014/കെകെഡി)6523/2015 നം. കത്ത്

2. നഗരകാര്യ ഡയറക്ടറുടെ 01.01.2016 തീയതിയിലെ വി2-22422/15 നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 29.07.2017 തീയതിയിലെ വി2-22422/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വടകര നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽപരിശോധനയിൽ, നഗരസഭാ പരിധിയിലുള്ള സിറ്റിടവർ കോംപ്ലക്സിലും ശ്രീമണി ബിൽഡിംഗിലും ഉള്ള കടകൾ ഡി.ആൻഡ് ഓ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായും ഒരു കടയുടെ ലൈസൻസ് ഉപയോഗിച്ച് അതിനോട് ചേർന്ന് പല കടകൾ പ്രവർത്തിക്കുന്നതായും 2014-15 ലെ ഡി.ആൻഡ് ഓ ലൈസൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നും കണ്ടെത്തിയതിനെത്തുടർന്ന് പരാമർശം **1** പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിൻപ്രകാരം നഗരസഭയിലെ ഉദ്യോഗസ്ഥരായ ശ്രീ. ബാബുരാജൻ, ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ.ഇ.കെ.രാജീവ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർക്ക് പരാമർശം 2 പ്രകാരം നഗരകാര്യഡയറക്ടർ ലഘു ശിക്ഷക്കുള്ള കുറ്റാരോപണമെമ്മോ നൽകിയിരുന്നു. ആയതിന് ടിയാളുകൾ സമർപ്പിച്ച മറുപടിയുടേയും കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. ഇക്കാര്യത്തിൽ കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് പ്രകാരം ശ്രീ.ഇ.കെ.രാജീവ്, സമർപ്പിച്ച മറുപടി ഏറെക്കുറെ വസ്തുതാ പരമാണെന്ന് കാണുന്നതായും മറ്റനേകം ജോലികൾക്കിടയിലും അനധികൃത കച്ചവട സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതും വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ ഉത്തരവിനായി റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. വിസ്തൃതിയിൽ കിടക്കുന്ന നഗരസഭയിൽ കച്ചവട ലൈസൻസുള്ളവർ നടത്തുന്ന അനധികൃതകച്ചവടം കണ്ടെത്തുന്നതിൽ മതിയായ സ്റ്റാഫിന്റെ അഭാവം വിജിലൻസ് റിപ്പോർട്ടിൽതന്നെ പരാമർശിച്ചിട്ടുള്ളത് പരിഗണിച്ചും നിലവിൽ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുള്ളതു് പരിഗണിച്ചും ഇത്തരം വീഴ്ചകൾ

മേലിൽ ഉണ്ടാകരുതെന്ന കർശന നിർദ്ദേശം നൽകി ശ്രീ.ഇ.കെ. രാജീവിനെതിരെയുള്ള നടപടിയിൽ തുടർനടപടി ഒഴിവാക്കണമെന്ന് ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു .

3. ശ്രീ.ഇ.കെ.രാജീവ് സമർപ്പിച്ച മറുപടി പരിശോധിച്ചതിൽ ആയത് പൂർണമായി അംഗീകരിക്കാനാവുന്നതല്ലായെന്നും അനധികൃത സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നത് കണ്ടെത്തിയിട്ടും നടപടി സ്വീകരിക്കാത്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണെന്നതിനാൽ ഉചിതമായ ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, പ്രതിവാദ പത്രിക, നഗരകാര്യഡറക്ടറുടെ റിപ്പോർട്ട്, എന്നിവ സഹിതം വിശദമായി പരിശോധിച്ചു. വിജിലൻസിന്റെ മിന്നൽ പരിശോധനാവേളയിലെ കണ്ടെത്തലുകൾ ശരിയാണെങ്കിലും വിസ്തൃതിയിൽ കിടക്കുന്ന നഗരസഭയിൽ കച്ചവട ലൈസൻസുള്ളവർ നടത്തുന്ന അനധികൃതകച്ചവടം കണ്ടെത്തുന്നതിൽ മതിയായ സ്റ്റാഫിന്റെ അഭാവം വിജിലൻസ് റിപ്പോർട്ടിൽതന്നെ പരാമർശിച്ചിട്ടുള്ളതാണ്. അമിത ജോലി ഭാരം കാരണം ഈ ക്രമക്കേടുകൾ കണ്ടെത്താൻ കഴിഞ്ഞില്ലായെന്ന മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിലെ 2014-15 കാലയളവിലെ ഡി.ആൻഡ്.ഓ ലൈസൻസ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വച്ചിരുന്നില്ലായെന്ന പരാമർശത്തിനും തൃപ്തികരമായ മറുപടി ശ്രീ.ഇ.കെ. രാജീവ് നൽകിയിട്ടില്ല. വടകര നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ. ഇ.കെ. രാജീവിനെതിരായി വിജിലൻസ് റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി, ടിയാന്റെ രണ്ട് വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ . ഇ.കെ.രാജീവ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, വടകര നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്
(13.02.2019 തീയതിയിലെ VIG-D1/97/2019-VIG നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ